"ഭരണഭാഷ– മാതൃഭാഷ"

D/C

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കേരള സംസ്ഥാന സർക്കാർ ജനറൽ പ്രോവിഡന്റ് ഫണ്ട് മറ്റ് സമാന പ്രോവിഡന്റ് ഫണ്ടുകൾ – നിക്ഷേപത്തുകയ്ക്ക് 2022 ഒക്ടോബർ 1 മുതൽ ഡിസംബർ 31 വരെയുള്ള പലിശ നിരക്ക് – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പ്രോവിഡന്റ് ഫണ്ട്) വകുപ്പ്**

**സ.ഉ.(അച്ചടി) നമ്പർ. 130/2022/ധന** — **തിരുവനന്തപുരം, തീയതി : 25/10/2022**

---

പരാമർശം :
1. ജി.ഒ. (പി) നമ്പർ 94/2012/ധന തീയതി 07.02.2012.
2. കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ 03.10.2022 – ലെ എഫ്.നം 5(4) – ബി(പി ഡി)/2021 നമ്പർ പ്രമേയം.
3. അക്കൗണ്ടന്റ് ജനറൽ കേരളയുടെ 10/10/2022 – ലെ എഫ്. എം. 1/9-25/2022-23/79 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

2011 – ലെ ജനറൽ പ്രോവിഡന്റ് ഫണ്ട് (കേരള) റൂൾ 13(1) പ്രകാരം സംസ്ഥാന സർക്കാർ നിയന്ത്രിക്കുന്ന എല്ലാവിധ പ്രോവിഡന്റ് ഫണ്ടുകൾക്കും, കേന്ദ്ര സർക്കാർ ജനറൽ പ്രോവിഡന്റ് ഫണ്ട് (കേന്ദ്ര സർവീസുകൾക്ക്) അതത് സമയങ്ങളിൽ നിശ്ചയിക്കുന്ന പലിശ നിരക്കാണ് ബാധകമാക്കിയിട്ടുള്ളത്. പരാമർശം 2 പ്രകാരം 01.10.2022 മുതൽ 31.12.2022 വരെയുള്ള കാലയളവിലേയ്ക്ക് ജനറൽ പ്രോവിഡന്റ് ഫണ്ടിലും (കേന്ദ്ര സർവീസ്) മറ്റ് സമാന ഫണ്ടുകളിലുമുള്ള നിക്ഷേപങ്ങൾക്ക് 7.1% പലിശ നിരക്ക് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്.

മേൽ വിവരിച്ച സാഹചര്യത്തിൽ സംസ്ഥാന സർക്കാർ നേരിട്ട് നിയന്ത്രിക്കുന്ന ചുവടെ പരാമർശിച്ചിട്ടുള്ള ജനറൽ പ്രോവിഡന്റ് ഫണ്ടിലും മറ്റ് സമാന പ്രോവിഡന്റ് ഫണ്ടുകളിലുമുള്ള നിക്ഷേപങ്ങൾക്ക് 01.10.2022 മുതൽ 31.12.2022 വരെയുള്ള കാലയളവിലേയ്ക്ക് 7.1% പലിശ നിരക്ക് നിശ്ചയിച്ച് ഉത്തരവാകുന്നു.

1. കേരള സംസ്ഥാന ജനറൽ പ്രോവിഡന്റ് ഫണ്ട്.
2. കേരള എയ്ഡഡ് സ്കൂൾ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട്.
3. കേരള എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂൾ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട്
4. കേരള എയ്ഡഡ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട്.
5. എംപ്ളോയീസ് പ്രോവിഡന്റ് ഫണ്ട് ( വൈദ്യരത്നം ആയുർവേദ കോളേജ്).

6. എംപ്ളോയീസ് പ്രോവിഡന്റ് ഫണ്ട് (കേരള സംസ്ഥാന ആയുർവേദ പഠന ഗവേഷണ സൊസൈറ്റി).
7. കേരള പഞ്ചായത്ത് എംപ്ളോയീസ് പ്രോവിഡന്റ് ഫണ്ട്.
8. കേരള പാർട്ട് ടൈം എംപ്ളോയീസ് പ്രോവിഡന്റ് ഫണ്ട്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**BISHWANATH SINHA**
ADDITIONAL CHIEF SECRETARY

പകർപ്പ് :

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), ഓഡിറ്റ്, കേരള, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
3. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
4. കേരള പബ്ളിക് സർവീസ്സ് കമ്മീഷൻ സെക്രട്ടറി, തിരുവനന്തപുരം.
5. കേരള ഹൈക്കോർട്ട് രജിസ്ട്രാർ, എറണാകുളം.
6. മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ.
7. അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം. (സി എൽ അടക്കം).
8. സെക്രട്ടറി, കേരള ഗവർണർ.
9. പ്രൈവറ്റ് സെക്രട്ടറി, സ്പീക്കർ/ഡെപ്യൂട്ടി സ്പീക്കർ.
10. പ്രൈവറ്റ് സെക്രട്ടറി, പ്രതിപക്ഷ നേതാവ്, തിരുവനന്തപുരം.
11. Staff Officer, Office of the Chief Secretary.
12. സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, കേരള.
13. സെക്രട്ടറി, കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം.
14. കേരള ലോകായുക്ത രജിസ്ട്രാർ, തിരുവനന്തപുരം.
15. എല്ലാ വകുപ്പ് മേധാവികൾക്കും.
16. പ്രിൻസിപ്പൽ ഡയറക്ടർ, LSGD.
17. പബ്ളിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം.
18. പേഴ്സണൽ അസിസ്റ്റന്റ്, ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി.
19. നോഡൽ ഓഫീസർ, www.finance.kerala.gov.in
20. ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ